

# ഇസ്‌ലാമിക വിദ്യാഭ്യാസ ക്രമം പൊളിച്ചെഴുതണം

**കവർസ്റ്റോറി ●**

ഡോ. നജാത്തുല്ലാ സിദ്ദീഖി

**ലോകം** മാറിക്കൊണ്ടിരിക്കുകയാണ്. കഴിഞ്ഞ മുപ്പത് വർഷങ്ങൾക്കകം വാർത്താ വിനിമയ രംഗത്തുണ്ടായ വൻ വിപ്ലവമാണ് ഈ മാറ്റങ്ങൾക്ക് വഴിതുറന്നത്. മുമ്പ് കിഴക്കും പടിഞ്ഞാറും തമ്മിൽ സംവദിക്കുകയോ ആശയങ്ങൾ കൈമാറുകയോ ചെയ്യുക ഏറെ പ്രയാസകരമായിരുന്നു. എന്നാൽ വിവിധ സംവിധാനങ്ങൾ വഴി ലോക സമൂഹങ്ങൾക്ക് പരസ്പരം കാണാനും സംസാരിക്കാനും സംസ്കാരവും വേഷവും ജീവിതരീതികളുമെല്ലാം മനസ്സിലാക്കാനും ഇന്ന് സാധ്യമാണ്. ഭാഷ ഇന്ന് അതിനൊരു തടസ്സമേ ആവുന്നില്ല. ലോകം ആഗോളഗ്രാമമായി ചുരുങ്ങിയിരിക്കുന്നു.

ഈ മാറ്റം പല കാര്യങ്ങളും ഏറെ എളുപ്പമാക്കുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങൾ ലോകത്തിന്റെ ഏതോ കോണിലുള്ള വിദഗ്ധരുടെ സേവനം വീഡിയോ കോൺഫറൻസിംഗ് വഴി ഉപയോഗപ്പെടുത്തുന്നു. ഡോക്ടർമാർ ശസ്ത്രക്രിയകൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിരുന്ന് ഓൺലൈനിൽ കാണുകയും പഠിക്കുകയും ചെയ്യുന്നു. സ്ഥാപനങ്ങൾ വിദഗ്ധ സേവനം ഓൺലൈൻ വഴി ഉപയോഗപ്പെടുത്തുന്നു. ഇക്കാര്യത്തിൽ അമേരിക്കയിലെ സാൻഫ്രാൻസിസ്കോയും അലാസ്കയും

സിഡ്നിയും ഇന്ത്യയിലെ ചെന്നൈയും തമ്മിൽ ഒരു വ്യത്യാസവുമില്ല. മുമ്പ് ആളുകൾ ജനിക്കുകയും ജീവിക്കുകയും മരിക്കുകയും ചെയ്തിരുന്നത് ഒരേ രാജ്യത്തായിരുന്നു. എന്നാൽ ലോക രാഷ്ട്രങ്ങൾക്കിടയിൽ ചുരുങ്ങിയ സമയത്തിനകം എളുപ്പത്തിൽ യാത്ര ചെയ്യാനും സംവദിക്കാനും ഇന്ന് സാധ്യമാണ്. ഇസ്‌ലാമിക കർമശാസ്ത്രത്തിലെ ഉർഫ് (custom) എന്ന സങ്കൽപത്തിൽ വലിയ മാറ്റം സംഭവിച്ചിരിക്കുന്നു. നേരത്തെ അത് പ്രാദേശികമായിരുന്നെങ്കിൽ, ഇപ്പോഴത് ആഗോളീയമാണ്.

പ്രാദേശിക തലത്തിൽനിന്ന് ആഗോളതലത്തിലേക്കുള്ള ഈ മാറ്റം ഇസ്‌ലാമിക കർമശാസ്ത്രത്തിലും കാഴ്ചപ്പാടുകളിലും എന്തൊക്കെ പുനർവായനയും പുനർ വിചിന്തനവും ആവശ്യപ്പെടുന്നുണ്ട് എന്നതാവണം നമ്മുടെ വിദ്യാഭ്യാസ ക്രമത്തിന്റെയും ഗവേഷണത്തിന്റെയും അജണ്ട. എന്നാൽ ഇപ്പോഴും മതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിപ്പിച്ചുകൊണ്ടിരിക്കുന്നത് ഏഴാം നൂറ്റാണ്ട് മുതൽ 15–ാം നൂറ്റാണ്ട് വരെ എഴുതപ്പെട്ട ഗ്രന്ഥങ്ങളാണ്. പല പ്രധാന ഗ്രന്ഥങ്ങളും എഴുതപ്പെട്ടത് ഒമ്പതും പത്തും നൂറ്റാണ്ടുകളിലാണ്. അന്നത്തെ ലോക സാഹചര്യത്തിനനുസരിച്ച കാഴ്ചപ്പാടുകൾ ഇന്ന് പ്രായോഗികമല്ലെന്ന് പറയേണ്ടതില്ലല്ലോ. അന്നത്തെ കാഴ്ചപ്പാടുകളും രീതികളും ഇന്ന് അതേപോലെ നടപ്പിലാക്കാൻ ശ്രമിക്കുന്നതാണ് പല പ്രശ്നങ്ങൾക്കും കാരണം. പുനർവായനയും പുനർവിചിന്തനവും നമ്മുടെ വിദ്യാഭ്യാസ ക്രമമോ പണ്ഡിത നേതൃത്വമോ പ്രോത്സാഹിപ്പിക്കുന്നില്ല. ഇത്തരം വിദ്യാഭ്യാസ ക്രമത്തിലൂടെ പുറത്തുവരുന്നത് ലോകത്തെ കുറിച്ച് അറിയാത്തവരും വർത്തമാനകാല ആവശ്യങ്ങൾ പൂർത്തീകരിക്കാൻ കൊള്ളാത്തവരുമായ തലമുറയാണ്. മുൻകാല പണ്ഡിതന്മാരുടെയോ അവരെഴുതിയ ഗ്രന്ഥത്തിന്റെയോ കുഴപ്പമല്ല ഇത്. അവർ തീർച്ചയായും ഗവേഷണബുദ്ധിയോടെ അന്നത്തെ സാഹചര്യം മുന്നിൽ വെച്ച് രചിച്ചത് തന്നെയാണ് ആ കൃതികൾ. അതനുസരിച്ച് ഇന്നത്തെ സാഹചര്യത്തിനു യോജിച്ച തലമുറയെ സൃഷ്ടിക്കാനാവില്ല എന്നത് മാത്രമാണ് പ്രശ്നം.

അതിനാൽ ആഗോള ഗ്രാമമായി മാറിയ ലോകക്രമം മുന്നിൽ വെച്ച് നമ്മുടെ വിദ്യാഭ്യാസ ക്രമം മാറ്റിപ്പണിയേണ്ടിയിരിക്കുന്നു. അതിൽ പ്രധാനം ലോകത്തെ അറിയുക എന്നതുതന്നെയാണ്. ഭൂമിശാസ്ത്രമോ ഭൂപ്രകൃതിയോ അറിയുക എന്നല്ല, ധാരാളം പുതിയ വിവരങ്ങൾ വിദ്യാഭ്യാസത്തിലേക്ക് കൂട്ടിച്ചേർക്കേണ്ടതുണ്ട്. പുസ്തകങ്ങൾ അതേപടി അഭ്യസിപ്പിക്കുന്നതിനു പകരം വരികൾക്കിടയിൽ വായിക്കാനും ഗ്രന്ഥത്തെ നിരൂപണം ചെയ്യാനുമുള്ള കഴിവ് ആർജിക്കണം. ജനങ്ങളിലേക്കിറങ്ങി അവരുമായി സംവദിക്കുന്ന രീതിയാണ് വളർത്തിയെടുക്കേണ്ടത്. ലോകത്ത് വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങളെ വിവിധ കോണുകളിൽനിന്ന് വീക്ഷിക്കണം. അവയോട് എങ്ങനെ പ്രതികരിക്കണം എന്നതിൽ ഒരു കാഴ്ചപ്പാട് വികസിപ്പിച്ചെടുക്കണം. അതിനായി ചോദ്യാവലികൾ തയാറാക്കുകയും ജനങ്ങളോട് ചോദിക്കുകയും ചെയ്ത് കാര്യങ്ങളറിയാൻ ശ്രമിക്കണം. ചുറ്റുപാടുകളെക്കുറിച്ചും സാഹചര്യങ്ങളെക്കുറിച്ചും അറിവ് നേടാനും ഇത് സഹായിക്കും.

ഒരു ഉദാഹരണമെടുക്കാം. അമിത വ്യയം (ഇസ്റാഫ്) ഖുർആനും സുന്നത്തും വിരോധിച്ച കാര്യമാണ്. എന്നാൽ എന്താണ് അമിത വ്യയം? എപ്പോഴാണ് ഒരാളുടെ ചെലവഴിക്കൽ അമിതമാവുക? ഏതുതരം വസ്ത്രം ധരിക്കുമ്പോഴാണ്, അല്ലെങ്കിൽ ഏതുതരം ഭക്ഷണം ഉപയോഗിക്കുമ്പോഴാണ് അമിതവ്യയം ആയി എന്നു പറയാൻ കഴിയുക? വ്യത്യസ്ത കാലഘട്ടങ്ങളിലെ ഖുർആൻ വ്യാഖ്യാന ഗ്രന്ഥങ്ങളെടുത്ത് പരിശോധിച്ചു നോക്കുക. നൂറ്റാണ്ടുകൾ പിന്നിടുന്നതിനനുസരിച്ച് അമിത വ്യയത്തിന്റെ നിർവചനങ്ങൾ മാറിവരുന്നത് നമുക്ക് കാണാം. ഒരേകാലത്ത് വിവിധ പ്രദേശങ്ങളിലെ ഖുർആൻ വ്യാഖ്യാതാക്കളുടെ വിശദീകരണങ്ങൾ പരിശോധിച്ചാലും, അതത് പ്രദേശങ്ങൾ അഭിപ്രായ രൂപവത്കരണത്തെ സ്വാധീനിച്ചതായി കണ്ടെത്താനാവും. സ്പെയിനിലെ പണ്ഡിതനും ധാക്കയിലെ പണ്ഡിതനും അമിത വ്യയത്തിന് നൽകുന്ന വിശദീകരണം രണ്ടു രീതിയിലാണെന്നർഥം. ഓരോ പ്രദേശത്തെയും കാലഘട്ടത്തിലെയും അത്യാവശ്യങ്ങൾ (necessities) വ്യത്യസ്തമാണ് എന്നതാണ് കാരണം.

മറ്റൊരു ഉദാഹരണം നോക്കൂ. കുടിവെള്ളം പണ്ടുകാലം മുതലേ സൗജന്യമായി ജനങ്ങൾ ഭൂമിയിൽനിന്ന് സംഭരിക്കുകയും ഉപയോഗിക്കുകയും ചെയ്യുന്ന വസ്തുവാണ്. പുഴകളോ തടാകങ്ങളോ ഇല്ലാത്തിടങ്ങളിൽ മഴവെള്ളം സംഭരിച്ച് കുടിക്കാനുപയോഗിക്കുന്നു. എന്നാൽ ആധുനിക നഗരങ്ങളിൽ ശുദ്ധജലം ഒഴുകുന്ന നദികളില്ല. മഴ പെയ്താൽ തന്നെ മലിനമായ അന്തരീക്ഷത്തി

ലൂടെ വരുന്നതായതിനാൽ അത് സംഭരിച്ച് കുടിക്കുക എന്നതും പ്രായോഗികമല്ല. അതിനാൽ ശുദ്ധ ജലം ദാഹമകറ്റുന്നതിന് വില കൊടുത്തു വാങ്ങേണ്ടിവരുന്നു. എന്നാൽ എല്ലാവർക്കും വെള്ളം വൻ വിലകൊടുത്തു വാങ്ങി ഉപയോഗിക്കാനാവുമോ? അതിനാൽ പൊതുജനങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കാനുള്ള പൊതു സംവിധാനങ്ങൾ ആവശ്യമായിവരുന്നു. പൊതുമേഖലയുടെ പ്രാധാന്യമാണ് ഇവിടെ ഉയർന്നുവരുന്നത്. റോഡുകളുടെ ഉപയോഗവും ഇങ്ങനെതന്നെ. പുതുതായി വളർന്നുവരുന്ന അടിസ്ഥാനാവശ്യങ്ങൾ പൂർത്തീകരിക്കാൻ പൊതുമേഖലക്കാണ് കഴിയുക. അതിനായി പുതിയ നിയമങ്ങളും നിയന്ത്രണങ്ങളും ആവശ്യമായിവരുന്നു. ഇസ്‌ലാമിക കർമശാസ്ത്രത്തിൽ വ്യക്തമല്ലാത്ത ഇത്തരം സംഗതികളോട് പണ്ഡിതന്മാരുടെ നിലപാടെന്താണ്? ഇവിടെയും ജനങ്ങളിലേക്കിറങ്ങിയുള്ള പഠനമാണ് ആവശ്യം. സാഹചര്യങ്ങളെ അറിയാനും സമൂഹത്തിന്റെ ആവശ്യങ്ങളും അത്യാവശ്യങ്ങളും തിരിച്ചറിയാനുമുള്ള കഴിവ് വികസിപ്പിക്കാൻ ഇത് സഹായിക്കും.

നമ്മുടേതു പോലുള്ള സാഹചര്യങ്ങളിൽ ജീവിക്കുന്നവർക്ക് പാഠമാവേണ്ട നിരവധി സംഭവങ്ങൾ ചരിത്രത്തിൽ വേണ്ടത്ര പഠനങ്ങൾ നടക്കാതെ കിടക്കുന്നുണ്ട്. മുസ്‌ലിംകളിലെ ആദ്യഹിജ്റ അബ്സീനിയയിലേക്കായിരുന്നു എന്ന് നമുക്കറിയാം. അബ്സീനിയ ക്രിസ്ത്യൻ ഭൂരിപക്ഷ രാജ്യമായിരുന്നു. 113-ഓളം മുസ്‌ലിംകൾ 15 വർഷം അവിടെ ജീവിച്ചു. അവരവിടെ വിവാഹം ചെയ്യുകയും കച്ചവടത്തിലും മറ്റും ഏർപ്പെടുകയും ചെയ്തു. ഈ ക്രിസ്ത്യൻ ഭൂരിപക്ഷ ദേശത്ത് മുസ്‌ലിംകൾ 15 വർഷം ജീവിച്ച രീതിയും അവർ പിന്തുടർന്ന നിയമങ്ങളും എന്തായിരുന്നു? നമ്മെ സംബന്ധിച്ചേടത്തോളം ഈ അറിവ് ഏറെ പ്രയോജനപ്രദമായിരിക്കും. മുസ്‌ലിം ഭൂരിപക്ഷ പ്രദേശത്ത് ജീവിച്ച പണ്ഡിതർ അതിനെക്കുറിച്ച് ചിന്തിക്കാനോ പഠിക്കാനോ മെനക്കെടാതിരുന്നത് സ്വാഭാവികം മാത്രം. ഇതുമായി ബന്ധപ്പെട്ട് ഇമാം ഇബ്നു തൈമിയ്യ ധാരാളം ചോദ്യങ്ങൾ ഉന്നയിക്കുന്നു എന്നതും ഇവിടെ ഓർക്കുക.

മറ്റൊന്ന് വടക്കേ ഇന്ത്യയിൽ ഇസ്‌ലാമിന്റെ മുന്നേറ്റമാണ്. തെക്കൻ തീരങ്ങളിൽ ഇസ്‌ലാം കടന്നുവന്നത് അറബ് കച്ചവടക്കാരിലൂടെയായിരുന്നു. മുഹമ്മദ്ബ്നു ഖാസിമും മുഹമ്മദ് ഗസ്നിയുമടക്കമുള്ള ഭരണാധികാരികളാണ് ഉത്തരേന്ത്യയിൽ ഇസ്‌ലാമിന്റെ മുന്നേറ്റത്തിന് കാരണമായത് എന്നാണ് ചരിത്രം. യുദ്ധവും ആക്രമണവുമല്ല ഇസ്‌ലാമിനെ സ്വീകാര്യമാക്കിയത്. അവർ സമാധാനാന്തരീക്ഷത്തിൽ പരസ്പരം വ്യാപാര ഇടപാടുകൾ നടത്തിയിരുന്നു. ഇസ്‌ലാം പ്രചരിപ്പിക്കാൻ അവർ സ്വീകരിച്ച രീതി എന്തായിരുന്നു? ചരിത്ര ഗവേഷണങ്ങളിലൂടെ ഇനിയും കണ്ടെത്തേണ്ട വസ്തുതയാണത്.

ചുരുക്കത്തിൽ നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്ന് പുറത്തുവരുന്നവർ സമൂഹത്തിന്റെ പുതിയ ചോദ്യങ്ങൾക്ക് ഉത്തരം നൽകാൻ കഴിയുന്നവരാവണം. പുതിയ ചോദ്യങ്ങൾക്ക് പുതിയ ഉത്തരങ്ങളാണ് നൽകേണ്ടത്. ബിരുദം നൽകി വിദ്യാഭ്യാസം നിർത്തുന്നതിനു പകരം വിദ്യാർഥികൾ ഗവേഷണ കുതുകികളാവുകയും സ്ഥാപനങ്ങൾ അതിനു പ്രോത്സാഹനം നൽകുകയും ചെയ്താലേ ഇത് സാധ്യമാവൂ. അതിനാൽ നാം നമ്മുടെ നിലവിലുള്ള രീതികൾ പുനരാലോചനക്ക് വിധേയമാക്കുക. സമൂഹത്തിന് ആവശ്യമുള്ള ഉൽപന്നങ്ങളെ സൃഷ്ടിക്കാനുള്ള മാറ്റത്തിന് തയാറാവുകയും ചെയ്യുക. എന്നാലേ പുതിയ കാലഘട്ടത്തിൽ നമ്മുടെ വിദ്യാഭ്യാസക്രമത്തിന് പ്രസക്തിയുണ്ടാവൂ. ■

(ശാന്തപുരം അൽജാമിഅയിൽ ചെയ്ത പ്രസംഗം. സംഗ്രഹ വിവർത്തനം: **മുഹമ്മദ് പാലത്ത്**)